"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം: ഇ20 - 12509/2016/സിഇ/തസ്വഭവ    തീയതി: 19.01.2017.

# സർക്കുലർ

വിഷയം:-തസ്വഭവ- സാങ്കേതിക വിഭാഗം-പാലവും, അപ്രോച്ച് റോഡും ഉൾപ്പെടെയുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് -സംബന്ധിച്ച്

സൂചന:- 1) തസ്വഭവ-DA2/480/2016-LSGD Dtd. 21.11.2016
2) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ കത്ത് നമ്പർ ഇ13(SC-23/2015/NRK/LSGD) 30272/2015 dtd. 19.09.2016.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ അടങ്കൽ തയ്യാറാക്കി പദ്ധതികൾ പൂർത്തീകരിക്കുമ്പോൾ പദ്ധതിയുടെ യഥാർത്ഥ നേട്ടം ഗുണഭോക്താക്കൾക്ക് ലഭ്യമാകുംവിധം പദ്ധതികൾ തയ്യാറാക്കുന്നതിന്നു നിർദ്ദേശമുള്ളതാണ്. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പദ്ധതികൾ ഭാഗികമായി നടപ്പിലാക്കുന്നതായും, തുടർ പ്രവൃത്തികൾ യഥാസമയം നടത്താത്തതിനാൽ നടപ്പിലാക്കിയ പല പ്രവൃത്തികളും പാഴ്ചെലവായി തീരുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ പദ്ധതികളുടെ പൂർണ്ണമായ പൂർത്തീകരണത്തിനാവശ്യമായ എല്ലാ ഘടകങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി എന്നു ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

1. പാലങ്ങളും മറ്റും പണിയുമ്പോൾ അപ്രോച്ച് റോഡുകൾ parapet,signboard എന്നിവ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തേണ്ടതാണ്.
2. കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ എല്ലാ ആവശ്യകതകളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതു പ്രകാരം നിർമ്മാണം നടത്തേണ്ടതുമാണ്.
3. റോഡ് നിർമ്മിക്കുമ്പോൾ എല്ലാ ആവശ്യകതയും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രവർത്തി പൂർത്തീകരിക്കേണ്ടതാണ്.
4. Water Supply and pipe laying പ്രവർത്തി നടത്തുമ്പോൾ ജലലഭ്യത ഉറപ്പുവരുത്തി മാത്രമേ pipe laying നടത്തുവാൻ പാടുള്ളൂ.

മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിട്ടിട്ടുള്ള നേട്ടങ്ങൾ പൂർണ്ണമായും ഗുണഭോക്താക്കളിലേയ്ക്ക് എത്തിച്ചേരുന്ന വിധം അടങ്കൽ തയ്യാറാക്കാൻ മുഴുവൻ തദ്ദേശസ്വയംഭരണ വിഭാഗത്തിലെ എഞ്ചിനീയർമാരും നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ പ്രകാരമല്ലാതെ നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തിയുടെ കാര്യത്തിൽ ബന്ധപ്പെട്ട എഞ്ചിനീയർമാർ ഉത്തരവാദികളായിരിക്കുന്നതാണ്.

ചീഫ് എഞ്ചിനീയർ